കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in.


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. കെ.എൻ.ആർ./സി.8/1135/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

ഫോൺ - 04972-707698

തീയ്യതി: 29.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് .

സർ,

വിഷയം: മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് 2016-17-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

----------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 2-1,3-1,3-4 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

3)കാര്യാലയ പ്രതി/apr

നം.കെ.എസ്.എ. കെ.എൻ.ആർ./ സി.8/1135/17 തീയതി : 29.07.2017

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റ 2016-17സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ആമുഖം

(*1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.11.2016 മുതൽ 19.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 11എണ്ണം നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.അശോകൻ മഠത്തിൽ. ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 19.06.2017 മുതൽ 30.06.2017 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജഗദീഷ് ചന്ദ്ര.പി.വി | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.പ്രസീത.കെ | 01.04.2016.മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ് കുമാർ.ടി | 01.04.2016.മുതൽ 31.03.2017വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.രശ്മി പനോളി | 01.04.2016.മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അശ്വിനി.എസ് | 01.04.2016.മുതൽ 31.10.2016 വരെ |
| | ശ്രീ.പ്രമോദ്.എം.കെ (അഡീഷണൽ ചാർജ്) | 01.11.2016.മുതൽ 26.12.2016 വരെ |
| | ശ്രീമതി. അശ്വിനി.എസ് | 27.12.2016മുതൽ 03.02.2017 വരെ |
| | ശ്രീ.പ്രമോദ്.എം.കെ (അഡീഷണൽ ചാർജ്) | 04.02.2017മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ആശ.കെ.പി | 01.04.2016.മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.ശ്രീജൻ പാലയന്റവിട | 01.04.2016.മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.സൽമത്ത്.ടി.കെ | 01.04.2016.മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി.പ്രീത.പി.എം | 01.04.2016.മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.പ്രമീള.ടി.എം<br><br>ശ്രീമതി ബിന്ദു യു.വി. അക്കൗണ്ടന്റ് (ചാർജ്) | 01.04.2016.മുതൽ 26.09.2016 FNവരെ<br><br>27.9.2016 മുതൽ 2.10.2016 വരെ |
| | ശ്രീ.മുഹമ്മദ് റഫീക്ക് | 03.10.2016AN മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.ലമിത.ഒ | 01.04.2016.മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.സുശീല.ടി.ജി. | 01.04.2016.മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| | | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ഗ്രാമ സഭ. | 1-7 |
| 8 | ദുരിതാശ്വാസ നിധി | 1-8 |
| 9 | മോണിറ്ററിംഗ് | 1-9 |
| 10 | തനത് വരുമാനം | 1-10 |
| 11 | ക്ഷേമപദ്ധതികൾ | 1-11 |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല | 2-1 |

| | | |
|---|---|---|
| | | |
| 16 | ക്രമവൽക്കരണം റജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-2 |
| 17 | ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി കണക്കാക്കുന്നതിൽ പിഴവ് . | 2-3 |
| 18 | റിട്ടേൺസിൽ വരുമാനം കാണിക്കുന്നില്ല. | 2-4 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 2-5 |
| 20 | പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-6 |
| | ഭാഗം 3<br>ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം. | 3-1 |
| 22 | തെരുവ് വിളക്കുകൾ വാങ്ങിച്ചത് സ്ഥാപിച്ചില്ല. 4,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-2 |
| 23 | ഘടകസ്ഥാപനങ്ങളിലേക്ക് ഫർണിച്ചർ - വാങ്ങിച്ച സാധനങ്ങൾ വിതരണം ചെയ്തില്ല- 83804/-രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |

| | | |
|---|---|---|
| 24 | ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം. | 3-4 |
| 25 | ടിഷ്യുകൾച്ചർ വാഴത്തൈ വിതരണം - തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല - 15700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-5 |
| 26 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് - വിശദവിവരം ലഭ്യമാക്കേണ്ടതാണ്. | 3-6 |
| 27 | ആശുപത്രിക്ക് മരുന്ന് മുഴുവനായും ലഭ്യമായില്ല | 3-7 |
| 28 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-8 |
| 29 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കുന്നതിന്റെ റിപ്പോർട്ട് ഹാജരാക്കുന്നില്ല | 3-9 |
| 30 | പാലിയേറ്റീവ് കെയർ വാഹനവാടക – സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-10 |
| 31 | പ്രവൃത്തി പൂർത്തിയാക്കിയതിലെ കാലതാമസം - പിഴ ഇനത്തിൽ 32,583/- രൂപ ഈടാക്കേണ്ടതാണ്. | 3-11 |
| 32 | ശമ്പള വർദ്ധനവിന് ആനുപാതികമായി എസ്.എൽ.ഐ. | 3-12 |

| | | |
|---|---|---|
| | വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. | |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 42 | അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | - |

| | | |
|---|---|---|
| 43 | അനുബന്ധം 2 ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | - |
| 44 | അനുബന്ധം 3 റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - |
| 45 | അനുബന്ധം 4 ബാലൻസ് ഷീറ്റ് | - |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.02.2016 തീയ്യതിയിലെ 30/16നം.തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 14208567 |
| വരവ് | 147919700 |
| ആകെ | 162128267 |
| ചെലവ് | 155325000 |
| നീക്കിയിരിപ്പ് | 6803267 |

പഞ്ചായത്തിന്റെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിച്ചിട്ടില്ല. യഥാർത്ഥവരവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് ബജറ്റിൽ വസ്തുനികുതിയിലെ പ്രതീക്ഷിതവരവ് തയ്യാറാക്കിയിട്ടുള്ളത്. പ്രതീക്ഷിച്ചതിലും വൻവർദ്ധനവ് ഈ ഇനത്തിൽ ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലും വളരെ അന്തരം നിലനിൽക്കുന്നു.ബജറ്റ് വ്യതിയാനത്തിന്റെ ചില ഉദാഹരണങ്ങൾ താഴെ കാണിക്കുന്നു.

| ക്രമ നം. | നികുതി ഇനം | ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് |
|---|---|---|---|
| 1 | വസ്തു നികുതി | 3000000 | 4217581 |
| 2 | തൊഴിൽ നികുതി | 1600000 | 1078840 |

| | | | |
|---|---|---|---|
| 3 | ലൈസൻസ് ഫീസ് | 75000 | 43640 |
| 4 | പെർമിറ്റ് ഫീസ് | 600000 | 193822 |

ബജറ്റ് തയ്യാറാക്കുമ്പോൾ കുറേക്കൂടി സൂക്ഷ്മതയും ജാഗ്രതയും ഉണ്ടാവേണ്ടതും അവ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 31.05.2017 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 19.06.2017& 20.06.2017 | വിശേഷണങ്ങളോട് കൂടിയത് | |

ന്യൂനതകൾ

1)ഡിമാന്റ് രജിസ്റ്ററിലെയും ധനകാര്യപത്രികകളിലെയും വസ്തുനികുതിയുടെ പിരിവ് - ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു .

2)തുകകളിലുള്ള വ്യത്യാസത്തിന് 'അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ' രേഖപ്പെടുത്തിയിട്ടില്ല.

3)ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4)ധനകാര്യപത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 11554475 |
| വരവ് * | 56397366 |

| | |
|---|---|
| ആകെ | 67951841 |
| ചെലവ് * | 51355847 |
| നീക്കിയിരിപ്പ് | 16595994 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷത്തെ അലോട്ട്മെന്റ്. * | ആകെ | ചെലവ് | ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12724733 | 12724733 | 11001612 | 1723121 | 86. |
| വികസനഫണ്ട് എസ്.സി.പി. | 0 | 1029288 | 1029288 | 1029288 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15687 | 15687 | 15687 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11575677 | 11575677 | 9016416 | 2559261 | 77.89 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3806802 | 3806802 | 2975800 | 831002 | 78 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7136133 | 7136133 | 5224316 | 1911817 | 73 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 4479828 | 4479828 | 2921876 | 1557952 | 83 |
| എൻ.ആർ.ഇ.ജി.എസ്. (-) | 1118 | 1083630 | 1084748 | 1083751 | 997 | 99.90 |
| ബി ഫണ്ട് xx | - | 53795190 | 53795190 | 53795190 | - | |

* എ.സി.ആർ.പ്രകാരം

xx ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം
(-) റസീറ്റ് ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-6 പദ്ധതി അലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 166 | 59987690 | 129 | 37436505 | 45 | 37 | 65% |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 14 | 4002433 | 3237492 | 80.89 |
| കൃഷി ഓഫീസർ | 16 | 16 | 2196493 | 1998601 | 90.99 |
| വെറ്റിനറി സർജൻ | 9 | 9 | 3985960 | 2396219 | 60.12 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 7 | 6 | 1994600 | 1597100 | 80.07 |
| അസി.എഞ്ചിനിയർ | 89 | 58 | 37413908 | 19483051 | 52.07 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 4584509 | 4162977 | 90.81 |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | 6 | 6 | 967700 | 956815 | 98.99 |
| അസി.സെക്രട്ടറി | 13 | 12 | 1989395 | 1366064 | 68.67 |
| ഹെഡ്മാസ്റ്റർ | 5 | 3 | 2352692 | 1738186 | 73.88 |
| ആകെ | 166 | 129 | 59987690 | 37436505 | 62.41 |

പല പദ്ധതികളും നടപ്പാക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട് (ഖണ്ഡിക 3-2, 3-3, 3-5 എന്നിവ കാണുക). മാർഗ്ഗനിർദ്ദേശങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് തുക ചെലവഴിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (ഖണ്ഡിക 3-1, 3-4)

ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 12914733 | 11001612 | 85.19 |
| എസ്.സി.പി | 1133096 | 1029288 | 90.84 |
| ടി.എസ്.പി | 15687 | 15687 | 100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7139879 | 5224316 | 73.18 |
| ലോകബാങ്ക് ധനസഹായം | 4479828 | 2921876 | 65.22 |
| സംസ്ഥാനാവിഷ്കൃതം | 312500 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 500000 | 204802 | 40.96 |
| തനത് ഫണ്ട് | 7195463 | 4700816 | 65.33 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 177500 | 0 | 0 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 6250000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 13350677 | 9016416 | 67.54 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 4551208 | 2975800 | 65.38 |
| മറ്റുള്ളവ | 1967119 | 345892 | 17.58 |
| ആകെ | 59987690 | 37436505 | 62.41 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ 2016-17 വർഷം പഞ്ചായത്തിന് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.എന്നാൽ ലോകബാങ്ക് ധനസഹായം, സംരക്ഷണഗ്രാന്റ് റോഡ്, സംരക്ഷണഗ്രാന്റ് (നോൺറോഡ്) എന്നിവയുടെ വിനിയോഗത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം ഒട്ടും തൃപ്തികരമല്ല. അംഗീകാരം ലഭിച്ച ആകെയുള്ള 89 മരാമത്ത് പ്രവൃത്തികളിൽ 58 എണ്ണം മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. മരാമത്ത് പ്രവൃത്തിക്കായി മൊത്തം വകയിരുത്തിയ തുകയുടെ 52.07% തുകയാണ് ചെലവഴിച്ചത്. പോരായ്മകൾ പരിഹരിച്ച് പദ്ധതി ചെലവുകളിൽ പുരോഗതി കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്.പഞ്ചായത്തിലെ 19 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ രണ്ട് തവണ മാത്രമേ ഗ്രാമ സഭകൾ ചേർന്നിട്ടുള്ളൂ. ഓഗസ്റ്റ് മാസം ചേർന്ന ഒന്നാമത്തെ ഗ്രാമസഭയിൽ മുൻവർഷത്തെ വാർഷിക പദ്ധതി ചെലവ് അംഗീകരിക്കൽ, പി.എം.എ.വൈ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരണം എന്നിവയും,ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് ,ആക്ഷൻ പ്ലാൻ എന്നിവ അംഗീകരിക്കൽ എന്നിവയും അജണ്ടയായി ഉൾപ്പെടുത്തി.ചില വാർഡുകളിലെ ഗ്രാമസഭ യോഗാവസാനം യോഗതീരുമാനങ്ങൾ എഴുതി ഒപ്പ് വെക്കാത്തത് പോരായ്മയാണ്.1997ലെ KPR(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.പൊതുവെ വലിയതോതിലുള്ള ജനപങ്കാളിത്തം ഗ്രാമസഭകളിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ

കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപീകരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അക്കൌണ്ടിൽ ഇടപാടുകൾ കുറവാണ്. 30.03.2015 തീയ്യതിയിലാണ് അക്കൌണ്ടിൽ നിന്ന് അവസാനമായി ധനസഹായം നൽകിയത്. 2016-17 വർഷം ആകെ 6950/-രൂപമാത്രമേ ധനസമാഹരണം നടത്താനായിട്ടുള്ളൂ. 31.03.2017തീയ്യതിയിൽ ആകെ 23684/-രൂപ അക്കൌണ്ടിൽ നീക്കിയിരിപ്പുണ്ട്.വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തി പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.33% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2015-16 | വർഷം 2016-17 | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി | 3803976 | 5296421 | 1492445 | 39.23(+) |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 2062561 | 1528575 | 533986 | 25.88 (-) |
| മറ്റുവരവുകൾ | ഇല്ല | ഇല്ല | ഇല്ല | - |
| ആകെ | 5866537 | 6824996 | 958459 | 16.33(+) |

മുൻവർഷത്തെ അപേക്ഷിച്ച് തനതു നികുതിയേതര വരവുകളിൽവന്ന കുറവ് ഗൌരവപൂർവ്വം പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 127080 | 84 |
| കർഷകതൊഴിലാളി വേതനം | 7999740 | 871 |
| വിധവാപെൻഷൻ | 18027350 | 1312 |
| വാർദ്ധക്യകാലപെൻഷൻ | 19587980 | 1936 |
| വികലാംഗപെൻഷൻ | 3703780 | 394 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 3136300 | 272 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.2215/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ 18.01.2007 ലെ എച്ച് 1/13880/06 നം കത്ത് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കത്തിൽ നിർദ്ദേശിച്ച പ്രകാരം പ്രസിഡണ്ടിന്റെ

അദ്ധ്യക്ഷതയിൽ ജീവനക്കാരുടെയും പഞ്ചായത്തിന്റെയും പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം വിളിച്ച് ചേർക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജീവനക്കാർക്ക് ജോലി ചുമതലകൾ ഏൽപ്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. പേർസണൽ റജിസ്റ്ററുകൾ സൂക്ഷിക്കുന്ന കാര്യത്തിലും നടപടി ഉണ്ടായിട്ടില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.04.2017 | 01.01.2017 മുതൽ 31.03.2017വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2011 | 2005-06 മുതൽ<br>2009-10 വരെ | 16.03.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഡി.&ഒ. ലൈസൻസിനായ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഭൂരിഭാഗവും അപൂർണമാണ്. ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുകയും ഫീൽഡ് പരിശോധന ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും ആണ് ലൈസൻസ് അനുവദിക്കുന്നത്. മുഴുവൻ അപേക്ഷകളിലും വിശദമായ അന്വേഷണം നടത്തേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുമാത്രം ലൈസൻസ് അനുവദിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-2 ക്രമവൽക്കരണം - റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ച കൊടുക്കുമ്പോൾ , ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ്

അവലംബിച്ചിരിക്കുന്നത്. എന്നാൽ ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹ 1,40,007 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും , ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസറ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-3 ആകെ തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി കണക്കാക്കുന്നതിൽ പിഴവ് .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറനിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 100ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപ നിരക്കിലും 100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് ച.മീറ്ററിന് 60 രൂപ നിരക്കിലും ആണ് വസ്തുനികുതി നിർണ്ണയിക്കുന്നതിനു ബാധകമായ നിരക്ക്. ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായിരിക്കുന്നതാണ്. എന്നാലിതിനു വിരുദ്ധമായി ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ മുറികൾക്കും പ്രത്യേകം പ്രത്യേകം നികുതി കണക്കാക്കിയാണ് താഴെ പറയുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ മുറികൾക്ക് നികുതി കണക്കാക്കിയതായി ഫയൽ പരിശോധിച്ചപ്പോൾ കാണാനായത്.

കെട്ടിട ഉടമയുടെ പേര്

ശ്രീ.ചോടോൻ പുതിയോത്ത് മാധവൻ

ചുമത്തിയ നികുതി.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസിതീർണ്ണം | അടിസ്ഥാന വസ്തുനികുതി @40 | റോഡ് (അധികം) @20% | ഗ്രന്ഥശാല വരി @5% | ആകെ | റസീറ്റ് നംമ്പർ/തീയതി |
|---|---|---|---|---|---|---|---|
| 1 | IX/337/A | 45.88 | 1836 | 367 | 111 | 2314 | 11603102815/28.9.16 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | IX/337/B | 42.66 | 1707 | 341 | 103 | 2151 | 11603102816/28.9.16 |
| 3 | IX/337/C | 23.68 | 947 | 190 | 57 | 1194 | 11603102817/28.9.16 |
| 4 | IX/337/D | 24.065 | 963 | 193 | 58 | 1214 | 11603102818/28.9.16 |
| 5 | IX/337/E | 21.71 | 869 | 174 | 53 | 1096 | 11603102819/28.9.16 |
| ആകെ | | 157.995 | | | | 7969 | |

ഈടാക്കേണ്ട നികുതിയുടെ വിവരങ്ങൾ

| തറ വിസിതീർണ്ണം | അടിസ്ഥാന വസ്തുനികുതി @60 | റോഡ് (അധികം) @20% | ഗ്രന്ഥശാല വരി @5% | ആകെ |
|---|---|---|---|---|
| 157.995 | 9480 | 1896 | 569 | 11,945 |

കുറവ് = 11945-7969=3976 രൂപ

മേൽ അപകത കണ്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം 10/28.06.2017) തുടർന്ന് കുറവ് വന്ന തുക ഈടാക്കിയിട്ടുണ്ട്.(29.06.2017 ന് റസീറ്റ്നമ്പർ 117030101070,117030101071, 117030101069,117030101068,117030101072) മേൽ അപാകം മുൻവർഷങ്ങളിലെ നികുതി കണക്കാക്കുമ്പോഴും തുടർവർഷങ്ങളിലും ഉണ്ടായിട്ടുണ്ടോ എന്ന പരിശോധിച്ച് അപാകങ്ങൾ പരിഹരിച്ച് വരുമാന നഷ്ടം നികത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മറ്റു കെട്ടിടങ്ങളുടെ കാര്യത്തിലും ഇത്തരം ന്യൂനത ഉണ്ടായിട്ടുണ്ടോ എന്ന പരിശോധിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി റിട്ടേണുകളിൽ വരുമാനം കാണിക്കുന്നില്ല

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണിൽ വരുമാനം കാണിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി നിർണ്ണയത്തിലെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1. കള്ള് ഷാപ്പ് കീരാച്ചി – 2016-17 രണ്ടാം അർദ്ധവർഷത്തെ റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2. കള്ള് ഷാപ്പ് കൈതേരി – 2016-17 ഒന്നാം അർദ്ധവർഷത്തെ റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

3. കള്ള് ഷാപ്പ് കരിയിൽ – 2016-17 ഒന്നാം അർദ്ധവർഷത്തെ റിട്ടേണിൽ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

മേൽ കാര്യത്തിൽ അന്വേഷണം നടത്തേണ്ടതും തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത്ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയ ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ഇത് കാരണം ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. എല്ലാ സ്ഥാപനങ്ങളും നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 പരസ്യനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഒരു ഗ്രാമപ്രദേശത്തെ ഏതെങ്കിലും ഭൂമിയിലെയോ, കെട്ടിടത്തിലെയോ ചുവരിന്മേലോ, പരസ്യപ്പലകയിന്മേലോ, എടുപ്പിൻമേലോ അല്ലെങ്കിൽ അതിനുമുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യനികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള തനതുവരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പരസ്യനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് വെള്ളക്കരം ഒടുക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം.

ജി.ഒ.(എം.എസ്) 330/04 തസ്വഭവ തീ.09.12.2004 നം ഉത്തരവ് പ്രകാരം പൊതു ആവശ്യഗ്രാന്റ്,മെയിന്റനൻസ് ഗ്രാന്റ് എന്നിവ ചെലവഴിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കുമ്പോൾ ഒന്നാമത്തെ മുൻഗണന നൽകേണ്ടത് കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട വെള്ളക്കരം ഒടുക്കുന്നതിനാണ്. പഞ്ചായത്ത് 2016-17 വർഷം 3,74,067/-രൂപ വെള്ളക്കരം ഒടുക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്.ഇതിനായി പൊതു ആവശ്യഗ്രാന്റിൽ നിന്നും ആദ്യം തുക ചെലവഴിച്ചശേഷം നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽനിന്നും പ്രൊജക്ട് തയ്യാറാക്കി തുക മുഴുവനും തനത് ഫണ്ട് അക്കൌണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഫലത്തിൽ പൊതു ആവശ്യഗ്രാന്റ് ഒന്നും തന്നെ ഈ ആവശ്യന് വേണ്ടി ചെലവഴിക്കുന്നില്ല.

വെള്ളക്കരം ഒടുക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചത് സംഡിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/2016-17തീയ്യതി:28.06.2017) 29.06.2017 തീയ്യതിയിൽ സമർപ്പിച്ച മറുപടിയിൽ മേൽ സർക്കാർ ഉത്തരവിൽ ഈ ആവശ്യങ്ങൾക്കായി പൊതു ആവശ്യഗ്രാന്റിന് പുറമെ ആകെ മെയിന്റനൻസ് ഫണ്ടിന്റെ 10% കൂടി ആവശ്യമെങ്കിൽ

വിനിയോഗിക്കാമെന്ന് ഖണ്ഡിക 2.2ൽ സൂചിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി.

2016-17വർഷം 1,03,89,792/-രൂപയാണ് പൊതു ആവശ്യഗ്രാന്റായി പഞ്ചായത്തിന് ലഭിച്ചത്.വർഷാരംഭത്തിൽ ജനറൽ പർപ്പസ് ഫണ്ട് അക്കൌണ്ടിൽ 6592678/-പ്രാരംഭ ബാക്കിയും വർഷാവസാനം 7376696/-രൂപ നീക്കിയിരിപ്പും ഉണ്ടായിരുന്നു. ഓരോ മാസവും ശരാശരി 80ലക്ഷത്തോളം രൂപ മുന്നിരിപ്പായും അവശേഷിക്കുന്നതായി കാണുന്നു. ഇത്രയും ഫണ്ട് ലഭ്യമായിരിക്കെ പ്രഥമ പരിഗണന നൽകേണ്ട വിഷയത്തിന് വേണ്ടി തുക ഒട്ടും ചെലവഴിക്കാതെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നത് ക്രമപ്രകാരമല്ല. മേൽ സർക്കാർ ഉത്തരവിൽ പൊതു ആവശ്യഗ്രാന്റിന് പുറമെ ആകെ മെയിന്റനൻസ് ഫണ്ടിന്റെ 10% കൂടി ആവശ്യമെങ്കിൽ വിനിയോഗിക്കാമെന്നുള്ളത് ആശുപത്രികൾക്കുള്ള മരുന്നുകൾ വാങ്ങിക്കുവാനാണ്. അല്ലാതെ പഞ്ചായത്തിന്റെ ആവർത്തന ചെലവുകൾ നടത്താൻ മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാമെന്ന് ഉദ്ദേശിച്ചല്ല. വെള്ളക്കരം ഒടുക്കുന്നതിന് പൊതു ആവശ്യഗ്രാന്റ് വിനിയോഗിക്കേണ്ടതും നോൺ റോഡ് മെയിന്റനൻസ് ഫണ്ട് സർക്കാർ നിർദ്ദേശിച്ച ചെലവുകൾ നടത്തുന്നതിന് മാത്രം വിനിയോഗിക്കേണ്ടതുമാണ്.

## 3-2 തെരുവ് വിളക്കുകൾ വാങ്ങിച്ചത് സ്ഥാപിച്ചില്ല - 4,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. -156/17 - തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

ബിൽ നം - 29/30.03.2017

തുക – 4,30,000/-

2016-17 വർഷം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രൊജക്ട് (156/17)നടപ്പിലാക്കിയിട്ടുണ്ട്.4,70,000/-രൂപ അടങ്കലോടെ നടപ്പിലാക്കിയ ഈ പ്രൊജക്ടിന് വേണ്ടി കരാർ മുഖേനയാണ് തെരുവ് വിളക്കുകൾ വാങ്ങിച്ചിട്ടുള്ളത്. ഫിലിപ്സ് കമ്പനിയുടെ 24 വാട്സിന്റെ 100 ഓട്ടോമാറ്റിക് വിളക്കുകൾ 28.03.2017തീയ്യതിയിൽ വാങ്ങിച്ചു.എന്നാൽ വാങ്ങിച്ച തെരുവ് വിളക്കുകൾ ഇതുവരെയായി വിതരണം ചെയ്തിട്ടില്ല. വാങ്ങിച്ച എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2016-17/28.06.2017സമർപ്പിച്ച മറുപടിയിൽ വൈദ്യുതി ലൈൻ വലിക്കാനുണ്ടായ താമസം കാരണമാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിക്കുകയുണ്ടായി.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമായിട്ടുള്ള പ്രൊക്യൂർമെന്റ് മാനുവൽ അനുസരിച്ച് 4,70,000/-രൂപ അടങ്കലുള്ള പ്രൊജക്ടിന് കരാർ സമർപ്പിക്കുവാനുള്ള സമയം 21 ദിവസം നൽകേണ്ടതായിരുന്നു. അതുപോലെ വ്യാപകമായ പരസ്യം നൽകുന്നതിന്റെ ഭാഗമായി ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം നൽകേണ്ടതായിരുന്നു. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് ടെണ്ടർ നടപടികൾ നടത്തിയത്. ഇപ്രകാരം സംഭവിച്ചത് വീഴ്ചയായി കാണുന്നുവെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. വാങ്ങിച്ച തെരുവ് വിളക്കുകൾ എത്രയും വേഗം സ്ഥാപിച്ച് ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. വീഴ്ചകൾ ആവർത്തിക്കുന്നില്ല

എന്ന് ഉറപ്പാക്കാനുള്ള ബാധ്യത സെക്രട്ടറിക്കുണ്ട്. ചെലവഴിച്ച 4,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഘടകസ്ഥാപനങ്ങളിലേക്ക് ഫർണിച്ചർ - വാങ്ങിച്ച സാധനങ്ങൾ വിതരണം ചെയ്തില്ല- 83804/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം - 102/17

ബിൽ നം - 31/30.03.2017

വൌ നം - 21601201/31.03.2107 .

അടങ്കൽ - 397600/-(നോൺ റോഡ് മെയിന്റനൻസ് ഫണ്ട്)

2016-17 വർഷം പഞ്ചായത്ത് ഹാളിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും ഫർണിച്ചർ വാങ്ങുന്നതിന് പ്രൊജക്റ്റ് (102/17)നടപ്പിലാക്കിയിട്ടുണ്ട്.പഞ്ചായത്ത് ഓഫീസിലേക്ക് കസേര (80 എണ്ണം കൈയ്യുള്ളത് ), 20 കസേര എഴുതാനുള്ള പാഡ് സഹിതം ഉള്ളത്, 5 അലമാര ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ളത് എന്നിവ വാങ്ങുവാനാണ് പ്രൊജക്റ്റ് പ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം കണ്ണൂർ റബ്കോവിൽനിന്നും കസേരകളും കണ്ണൂർ സങ്കി ആന്റ് കമ്പനിയിൽനിന്നും 5 അലമാരകളും വാങ്ങി.ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി വാങ്ങിച്ച 5 അലമാരകളിൽ ആയുർവേദ ആശുപത്രിയിലേക്ക് നൽകിയ ഒന്ന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. സാധനങ്ങൾ വാങ്ങിച്ച് രണ്ടു മാസം പിന്നിട്ടിട്ടും അവ വിതരണം ചെയ്യാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/17)സമർപ്പിച്ച മറുപടിയിൽ വിതരണം ചെയ്യാത്ത 4 അലമാരകളിൽ ഒരെണ്ണം കൃഷിഭവന് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നും അവർ ഇതുവരെയായി അലമാര സ്വീകരിച്ചിട്ടില്ലെന്നും രണ്ടെണ്ണം ഹോമിയോ ഡിസ്പൻസറിക്ക് വേണ്ടിയുള്ളതാണെന്നും ഡിസ്പൻസറിക്ക് പുതിയ കെട്ടിടം നിർമ്മിച്ച് പൂർത്തിയായ ഉടനെ ആയത് കൈമാറുന്നതാണെന്നും ഒരെണ്ണം ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് വേണ്ടി വാങ്ങിച്ചതാണെന്നും ആയത് ഇതുവരെ കൈമാറിയില്ലയെന്നും അറിയിക്കുകയുണ്ടായി.

ഭാവിയിലെ ആവശ്യങ്ങൾ മുൻകൂട്ടികണ്ട് പദ്ധതിപണം കാലേക്കൂട്ടി ചെലവഴിച്ച് വാങ്ങിച്ച സാധനങ്ങൾ നിഷ്ക്രിയ ആസ്തിയായികിടക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കേണ്ടതായിരുന്നു. ഈ സ്ഥിതിയിൽ വാങ്ങിച്ച സാധനങ്ങൾ സ്ഥാപനങ്ങൾക്ക് അത്യാവശ്യമുള്ളവയായിരുന്നില്ലെന്ന് കരുതാവുന്നതാണ്.വിതരണം ചെയ്യാതെ ഓഫീസ് വരാന്തയിൽ സൂക്ഷിച്ചിട്ടുള്ള അലമാരകൾ എത്രയും വേഗം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത സാധനങ്ങളുടെ വിലയായ= 83804/-രൂപ (20951x4 )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പണം എങ്ങനെയെങ്കിലും ചെലവഴിക്കുക എന്ന കുറുക്കുവഴി ഒഴിവാക്കേണ്ടതാണ്.

ഈ പ്രൊജക്റ്റിന് വേണ്ടി വകയിരുത്തിയ 3,97,600/-(നോൺ റോഡ് മെയിന്റനൻസ് ഫണ്ട്) രൂപയ്ക്കാണ് ഡി.പി.സി അനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്റ്റിനു വേണ്ടി ആകെ 408698/-രൂപ ചെലവായി. അധികം ചെലവ് വന്ന 11098/-രൂപ തനത് ഫണ്ടിൽ നിന്നും വൌ നം - 21601201/31.03.2107പ്രകാരം അനുമതിയില്ലാതെ ചെലവഴിച്ചു.അധിക ചെലവ് വന്നപ്പോൾ

പ്രൊജക്ട് റിവൈസ് ചെയ്യാൻ വിട്ടുപോയതുകാരണമാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിക്കുകയുണ്ടായി. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്താതെ ആനുകൂല്യം നൽകിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം.

2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 16 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 13 പ്രൊജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയവയാണ്.ജി.ഒ.(എം.എസ്.)4/16തസ്വഭവ.തീ.11.01.2016ലെ പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയനുസരിച്ച് കാർഷിക മേഖലയിൽ പഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അർഹത നാമമാത്ര കർഷകർക്ക് മാത്രമാണ്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നം | ചെലവഴിച്ച തുക | മാർഗ്ഗരേഖ ഖണ്ഡിക/നിബന്ധന |
|---|---|---|---|---|
| 1 | പച്ചക്കറി വിത്ത് വിതരണം | 28/17 | 140254 | അനുബന്ധം 15(3.1.3) |
| 2 | തെങ്ങിൻതൈ വിതരണം | 34/17 | 667080 | അനുബന്ധം 15(3.1.4) |
| 3 | ഇടവിളകൃഷി വ്യാപനം (വിത്ത് വിതരണം) | 35/17 | 250000 | അനുബന്ധം 15(3.1.3) |
| 4 | പുഴയോരപച്ചക്കറി കൃഷി (വിത്ത് വിതരണം.. ) | 54/17 | 13100 | അനുബന്ധം 15(3.1.3,3.1.5) |
| 5 | ടിഷ്യുകൾച്ചർ വാഴത്തൈ വിതരണം | 55/17 | 124200 | അനുബന്ധം 15(3.1.4) |
| 6 | പച്ചക്കറികൃഷി വികസനം (കൂലിച്ചെലവ്, വിത്ത്,തൈ.. ) | 59/17 | 26200 | അനുബന്ധം 15(3.1.3,3.1.5) |
| 7 | ഫലവൃക്ഷത്തൈ വിതരണം | 117/17 | 180000 | അനുബന്ധം 15(3.1.4) |

മേൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും അർഹത തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കുന്നത് ജനകീയാസൂത്രണ സംവിധാനത്തിന്റെ സുതാര്യമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പദ്ധതി നിർവ്വഹണത്തിലുണ്ടായ ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു..

## **3-5** <u>ടിഷ്യുകൾച്ചർ വാഴത്തൈ വിതരണം - തൈകൾ പൂർണ്ണമായും വിതരണം ചെയ്തില്ല - **15700/-**രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ട്.നം 55/17

ചെലവ് തുക : 124000/- (ബിൽ.നം.6/ 29.03.2017)

മേൽ പ്രൊജക്ടിന്റെ ഭാഗമായി വിവിധ വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വാഴത്തൈ വാങ്ങി വിതരണം ചെയ്യുന്നതിന് പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വാഴത്തൈ ഒരെണ്ണത്തിന് 20/-രൂപ നിരക്കിൽ 6210 തൈകൾ കരിമ്പം ഫാമിൽനിന്നും 27.03.2017 തീയ്യതിയിൽ വാങ്ങിച്ചിട്ടുണ്ട്. പരിശോധനക്ക് ഹാജരാക്കിയ വിതരണലിസ്റ്റ് പ്രകാരം 8,12,18 വാർഡുകളിൽ 785 വാഴത്തൈകൾ ഇതുവരെയായും വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16-17/23.06.17) മറുപടി ഹാജരാക്കാത്ത സാഹചര്യത്തിൽ 785 വാഴത്തൈകളുടെ വില 785X20=15700/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ യഥാർത്ഥ ആവശ്യം പരിഗണിച്ചുമാത്രം ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്.

## **3-6** <u>ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് - വിശദവിവരം ലഭ്യമാക്കേണ്ടതാണ്.</u>

പഞ്ചായത്ത് കാർഷികമേഖലയിൽ നടപ്പിലാക്കിയ ആകെയുള്ള 16പ്രൊജക്ടുകളിൽ ഏഴ് പ്രൊജക്ടുകൾ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് നടപ്പിലാക്കിയവയാണ്. ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന ഗുണഭോക്തൃവിഹിതം ഒരു തീയ്യതിൽ ഒരുമിച്ച് പിരിച്ചെടുത്തരീതിയിലാണ് രശീതി കാണുന്നത്. ഉദാഹരണമായി കുറിയയിനം തെങ്ങിൻതൈ വിതരണം (നം.34) എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് ആകെ 1635 ഗുണഭോക്താക്കളിൽ നിന്ന് രണ്ട് ദിവസങ്ങളിലായി 166770/-രൂപ പിരിച്ചെടുത്തു.03.03.2017 തീയ്യതിയിൽ 134436/-രൂപ പഞ്ചായത്തിൽ ഒടുക്കി. അതായത് 1318 പേർ ഒരു ദിവസം (02.03.2017തീയ്യതിയിൽ)തുക ഒടുക്കി.ബാക്കി തുക 32334/-രൂപ 13.03.2017 തീയ്യതിയിലും പിരിച്ചു. അതേസമയം 134436/-രൂപ പിരിച്ചെടുത്ത രശീതി പുസ്തകങ്ങളിൽ 5എണ്ണം (4853 മുതൽ 4857വരെ) 21.02.2017 തീയ്യതിൽ പഞ്ചായത്തിൽനിന്നും കൈപ്പറ്റിയിട്ടുണ്ട്. ആയിരത്തിൽപരം ഗുണഭോക്താക്കൾ (1318 പേർ)ഒറ്റ ദിവസം പഞ്ചായത്തിൽ വന്ന് തുക ഒടുക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ വ്യക്തമായ മറുപടി നൽകേണ്ടതാണ് (ഓരോ പദ്ധതി

എത്രയെന്നും ആകെ എത്ര രൂപ എന്നും).

## 3-7 ആശുപത്രിക്ക് മരുന്ന് മുഴുവനായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം: | 157/17 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ : | 500000 |
| ചെലവ്: | 300000 |
| ബിൽ നമ്പർ , തീയതി : | 1/16-17,19.12.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |

ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 5,00,000 രൂപ ഔഷധിക്ക് നൽകിരുന്നു.അതിൽ ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|
| 447/P/2016-17 | 24.12.2016 | 216882 |
| 447/P/2016-17 | 13.08.2017 | 12369 |
| 447/P/2016-17 | 21.02.2017 | 135374 |
| ആകെ | | 364625 |

ആകെ 364625രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 135375 രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ട് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വൌ,നം/ബിൽ നം& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 122/17 തെരുവ് നായ്ക്കളുടെ നിയന്ത്രണം | സെക്രട്ടറി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | ബിൽനം.11/ തീയ്യതി 08-11-2016 | 1,00,000 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ |
| 2 | 171/17 സമ്പൂർണ്ണ | സെക്രട്ടറി മാങ്ങാട്ടിടം | ബിൽനം./ തീയ്യതി 13-02-2017 | 671310 | കെ.എസ്.ഇ.ബി. കൂത്തുപറമ്പ്,സബ് |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതീകരണം | ഗ്രാമ പഞ്ചായത്ത് | | | ഡിവിഷൻ |
| 3 | 27/17 കന്നുകുട്ടി പരിപാലനം | വെറ്റിനറി സർജൻ | ബിൽനം.3/ തീയ്യതി 04-03-2017 | 312500 | എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ |
| 4 | 38/17പാല പട്ടുവിലാക്കാവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | അസിസ്റ്റന്റ് എഞ്ചിനിയർ | ചെക്ക് നം 0532789/ 03.08.2016 | 10000 | ജില്ലാപഞ്ചായത്ത്, കണ്ണൂർ |
| 5 | 46/17 കൈതച്ചാൽ ശങ്കരനെല്ലൂർ പാല റോഡ് പുനരുദ്ധാരണം | അസിസ്റ്റന്റ് എഞ്ചിനിയർ | ചെക്ക് നം 1306481/ 14.03.2017 | 10000 | ജില്ലാപഞ്ചായത്ത്, കണ്ണൂർ |
| 6 | 47/17 കൈതേരി കപ്പണ ആറങ്ങാട്ടേരി കണ്ടംകുന്ന് റോഡ് പുനരുദ്ധാരണം | അസിസ്റ്റന്റ് എഞ്ചിനിയർ | ചെക്ക് നം 9706792/ 12.01.2017 | 10000 | ജില്ലാപഞ്ചായത്ത്, കണ്ണൂർ |

അതാത് സ്ഥാപനങ്ങളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-9 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ്ടെസ്റ്റ് ലാബുകളിൽപരിശോധനക്ക് വിധേയമാക്കുന്നതിന്റെ റിപ്പോർട്ട് ഹാജരാക്കുന്നില്ല.

ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കുവാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്./ബി3-312/2010 തീ.05-06-2010, 01-02-2010 തീയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗനവാടികളിലേക്ക് ശക്തി ന്യൂട്രിമിക്സ്, മാങ്ങാട്ടിടം യൂണിറ്റിൽ നിന്നാണ് ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നത്. ടി സ്ഥാപനത്തിൽ നിന്നും മേൽ നിർദ്ദേശ പ്രകാരം ഭക്ഷ്യമിശ്രിതം ഫുഡ് ടെസ്റ്റ് ലാബുകളിലേക്ക് പരിശോധനക്ക് അയച്ച് ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 പാലിയേറ്റീവ് കെയർ വാഹനവാടക – സർക്കാർ നിർദ്ദേശം

**പാലിച്ചിട്ടില്ല.**

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായുള്ള ഗൃഹ സന്ദർശനത്തിനായി വാടകയ്ക്കെടുത്ത വാഹനമാണ് ഉപയോഗിക്കുന്നത്. കിലോമീറ്ററിന് 15 രൂപ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതു പ്രകാരമാണ് വാടക നൽകിക്കൊണ്ടിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ ജി.ഒ. (ആർ.ടി.) 3217/2015 പ്രകാരം ഒരു ദിവസത്തേക്ക് നൽകാവുന്ന പരമാവധി വാഹനവാടക 1100/- രൂപയാണ്. എന്നാൽ വാഹന ഡ്രൈവർ ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം പ്രതിമാസം 720 കിലോമീറ്റർ ഓടിയതിന് 17,600/- രൂപ നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്. പ്രതിദിനം സഞ്ചരിച്ച ദൂരം, സഞ്ചരിച്ച ദിവസങ്ങളുടെ എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാഹനവാടക നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വീഴ്ചകൾ സംഭവിച്ചതിന് വിശദീകരിണം നൽകേണ്ടതാണ്.

## 3-11 പ്രവൃത്തി പൂർത്തിയാക്കിയതിലെ കാലതാമസം - പിഴ ഇനത്തിൽ 32,583/- രൂപ ഈടാക്കേണ്ടതാണ്.

പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ 2112-1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ ദീർഘിപ്പിക്കേണ്ട ഘട്ടം വന്നാൽ പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ പിഴയീടാക്കുമ്പോൾ 1% പിഴയോടെ 25% സമയ 2% പിഴയോടെ അടുത്ത 25% സമയവും കൂടിയാണ് കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നടപ്പാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ ഇത്തരത്തിൽ പിഴ ഈടാക്കുന്നതിൽ അപാകത സംഭവിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും വിധത്തിൽ 32,583/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

1) പ്രൊജക്ട് - എസ്.ഒ. 036/17 ആളാച്ചിറത്ത് വയൽ അങ്കണവാടി കെട്ടിട നിർമ്മാണം

ബിൽ നം -10/16-17 തീയ്യതി.15.12.2016 രൂ.678882 (അന്തിമ ബിൽ)

അടങ്കൽ - 12,00,000/- (ലോകബാങ്ക് സഹായം)

പി.എ.സി - 10,79,548/-

കരാർ തീയ്യതി- 15.10.2015

കരാറുകാരൻ - ശ്രീ. സുരേന്ദ്രബാബു

പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി - 31.03.2016

പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി - 10.11.2016

മേൽ പ്രവൃത്തിയിൽ നിയമാനുസൃതം ഈടാക്കേണ്ട പിഴ 32386/- (പി.എ.സി.യുടെ 3%) രൂപയാണ്. എന്നാൽ 11,244/- രൂപ മാത്രമാണ് ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുള്ളത്. നഷ്ടമായ തുക 21,142/- രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ മേൽ പ്രവൃത്തിയിൽ അനുവദനീയമായതിൽ കൂടുതൽ സമയം പൂർത്തീകരണത്തിനനുവദിച്ച നടപടിയും ക്രമവിരുദ്ധമാണ്.

2.പ്രോജക്റ്റ് - 44/17 അങ്കണവാടികളുടെ അറ്റകുറ്റപ്പണി

ബിൽ നം. - 42/16-17 dt. 29.03.2017 രൂ.736213 (മെയ്ന്റനൻസ് ഗ്രാന്റ് )

പി.എ.സി. - 744227/-

പ്രവൃത്തി ആരംഭിച്ച തീയ്യതി - 15.02.2016

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി - 14.11.2016

പൂർത്തീകരിച്ച തീയ്യതി - 09.02.2017

കരാറുകാരൻ - ജയപ്രകാശൻ ടി.

മേൽ പ്രവൃത്തിയിൽ കരാറുകാരനിൽ നിന്ന് പി.എ.സി.യുടെ 1% തുകയായ 7442/- രൂപ ഈടാക്കേണ്ടതാണ്.

3.പ്രോജക്റ്റ് - 43/17 കൈതേരിപ്പാലം പാലാപ്പറമ്പ് റോഡ് പുനരുദ്ധാരണം

ബിൽ നം. - 09/16-17 തീ. 31.12.2016 രൂ. 3,87,278/- (മെയ്ന്റനൻസ് ഗ്രാന്റ്)

പി.എ.സി. - 3,99,876/-

പ്രവൃത്തി ആരംഭിച്ച തീയ്യതി - 09.02.2016

പൂർത്തീകരിക്കേണ്ടിയിരുന്ന തീയ്യതി - 08.05.2016

പൂർത്തീകരിച്ച തീയ്യതി - 08.08.2016

കരാറുകാരൻ - സെക്രട്ടറി, MALCOS

മേൽ പ്രവൃത്തിയിൽ പി.എ.സി.യുടെ 3% ആയ 11,996/- രൂപയാണ് പിഴ ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 7997/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കുറവു വന്ന തുക 3,999/- രൂപ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ, മേൽ പ്രവൃത്തിയിൽ അനുവദനീയമായതിൽ കൂടുതൽ സമയം പൂർത്തീകരണത്തിനനുവദിച്ച നടപടിയും ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

കുറവു വന്ന ആകെ തുക 32,583/- രൂപ (3999+7442+21142) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 ശമ്പള വർദ്ധനവിന് ആനുപാതികമായി എസ്.എൽ.ഐ. വിഹിതം വർദ്ധിപ്പിച്ചിട്ടില്ല

50 വയസ്സ് കഴിയാത്ത ജീവനക്കാർ ശമ്പളവർദ്ധനവിന് ആനുപാതികമായി എസ്.എൽ.ഐ. വിഹിതം വർദ്ധിപ്പിക്കേണ്ടതായുണ്ട് (ജി.ഒ.(പി.)149/16/ഫിൻ തീ.4.10.2016 കാണുക). ഈ ഓഫീസിലെ താഴെപ്പറയുന്ന ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. 01.01.2017 മുതൽ പ്രാബല്യത്തിലുള്ള എസ്.എൽ.ഐ. നിരക്കും നിലവിൽ ഈടാക്കുന്ന നിരക്കും സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട നിരക്ക് | ഈടാക്കുന്നത് | കുറവ് |
|---|---|---|---|---|---|
| 1 | രാജേഷ് കുമാർ ടി., സെക്രട്ടറി | 51600 | 500 | 200 | 300 |
| 2 | മുഹമ്മദ് റഫീക്ക്, അസി.സെക്രട്ടറി | 39500 | 500 | 150 | 350 |
| 3 | സുധീഷ് ഇ.പി., ഹെഡ് ക്ലർക്ക് | 33100 | 300 | 175 | 125 |
| 4 | രാജീവൻ കെ., സീനി.ക്ലർക്ക് | 31500 | 300 | 250 | 50 |
| 5 | ശാന്തകുമാരി പി.വി., സീനി.ക്ലർക്ക് | 29200 | 300 | 175 | 125 |

ഇതിൽ ക്രമ നമ്പർ 2,5 എന്നിവർ 50 വയസ്സ് കഴിഞ്ഞവരാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ ജീവനക്കാർക്ക് ഇളവ് അനുവദനീയമാണോ എന്ന കാര്യം പരിശോധിക്കേണ്ടതും മറ്റ ജീവനക്കാരുടെ കാര്യത്തിൽ വിഹിതം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് കണ്ണൂർ | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്പ് മെന്റ് സൊസൈറ്റി | 20000 |
| ആകെ | 20000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച-2300/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-1 | 100 | ശ്രീ.രാജേഷ് കുമാർ.ടി | 11603106027/17-2-17 |

| | | | | |
|---|---|---|---|---|
| 2015-16 | 2-1 | 100 | ശ്രീ.രാജേഷ് കുമാർ.ടി | 11603106259/25-2-17 |
| 2015-16 | 2-1 | 100 | ശ്രീ.രാജേഷ് കുമാർ.ടി | 11603104941/27-12-16 |
| 2015-16 | 2-1 | 900 | ശ്രീ.രാജേഷ് കുമാർ.ടി | 11603500010/28-12-16 |
| 2015-16 | 2-1 | 100 | ശ്രീ.രാജേഷ് കുമാർ.ടി | 11603105072/30-2-16 |
| 2015-16 | 2-1 | 900 | ശ്രീ.രാജേഷ് കുമാർ.ടി | 11603105072/4-11-16 |
| 2015-16 | 2-1 | 100 | ശ്രീ.രാജേഷ് കുമാർ.ടി | 11603106878/15-3-17 |
| ആകെ | | 2300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 56397366 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 51355847 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 529504 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 430000 | രാജേഷ് കുമാർ.ടി , സെക്രട്ടറി |
| 3-3 | 83804 | രാജേഷ് കുമാർ.ടി , സെക്രട്ടറി |
| 3-5 | 15700 | ശ്രീമതി.പ്രമോദ് .എം.കെ ,കൃഷി ഓഫീസർ |
| ആകെ | 529504 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.സി12/672/04<br>തീയതി 19-10-2009 | 9 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.സി 4/166/08<br>തീയതി 26-02-2009 | 6 |
| 2004-05 | എൽ.എഫ്.സി 4/167/08<br>തീയതി 15-06-2009 | 4 |
| 2005-06 | എൽ.എഫ്.സി 4/168/08<br>തീയതി 15-06-2009 | 4 |
| 2006-07 | എൽ.എഫ്.സി 4/209/08<br>തീയതി 15-06-2009 | 13 |
| 2007-08 | എൽ.എഫ്.സി 4/135/08<br>തീയതി 12-10-2012 | 8 |
| 2008-09 | എൽ.എഫ്.സി 4/136/08<br>തീയതി 12-10-2012 | 31 |
| 2009-10,<br>2010-11,<br>2011-12 | എൽ.എഫ്.കെ.എൻ.ആർ./സി 10/259/13<br>തീയതി 09-05-2013 | 27 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ./സി 10/347/15<br>തീയതി 23-05-2015 | 16 |
| 2013-14,<br>2014-15 | എൽ.എഫ്.കെ.എൻ.ആർ./സി 10/289/16<br>തീയതി 26-07-2016 | 18 |
| 2015-16 | എൽ.എഫ്.കെ.എൻ.ആർ./സി 8/2115/16<br>തീയതി 01-02-2017 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി.8/1135/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 29.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് ,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ

**No. KSA/KNR/C.8/1135/17**

Kerala State Audit Department

District Audit Office,kannur,

e-mail: doknr.ksad@kerala.gov.in

Phone:04972707698

Date: 29.07.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mangattidam Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Mangattidam Grama panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

# അനുബന്ധം2

## ഇൻകം&എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്

Mangattidam Grama Panchayath

Income & Expenditure statement

For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,202,878.00 |
| 130000000 | Rental Income from panchayath properties | 1-3 | |
| 140000000 | Fee &User charges | I-4(b) | 889,635.00 |
| 150000000 | Sale &Hire Charges | I-5(b) | 429,247.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 96,263,505.00 |
| 171000000 | Interest Earned | I-8 | 227,517.00 |
| A | Total Income | | 102,012,782.00 |
| Expenditure | | | |

| | | | |
|---|---|---|---|
| 210000000 | EstablishmentExpenses | I-10(b) | 7,701,184.00 |
| 220000000 | Administrative Expenses | I-11(b) | 1,046,128.00 |
| 230000000 | Operations & Maintanance | I-12(b) | 791,758.00 |
| 240000000 | Interest & Finance Charges | I-13 | 1,035,979.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 9,548,962.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 19,633,226.00 |
| 2520000000 | Decentralised Plan programme–Infrastructure Sector | I-14(b) | 1,593,493.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 795,332.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 53,795,190.00 |
| 255000000 | Maintenance Projects | I-14(e) | 4,978,646.00 |
| 272000000 | Depreciation | 1-17(a) | 6,768,117.00 |
| B | Total - Expenditure | | 107,688,015.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | (5,675,233.00) |

| | | | |
|---|---|---|---|
| D=280000000 | Prior period Item | I-18 | (557,790.00) |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items Transfer to reserve funds | | (5,117,443.00) |

Deputy Director,
Kerala State Audit Department,
District Audit Office, Kannur.

# അനുബന്ധം3

## റസീപ്റ്റ് ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ്

Mangattidam Grama Panchayat

Receipt And Payment Statement For the period from

01-April 2016 to 31 March 2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 11,453,750.00 |
| | Cash | RP-40(a) | 100,725.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP- 1 | 873,620.00 |
| 130000000 | Rental income from panchayath properties | RP-3 | 0.00 |
| 140000000 | Fees & User Charges | RP- 4 | 8,34,725.00 |
| 150000000 | Sale & Hire Charges | RP- 5 | 408,843.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants ,Funds,Contributions & Compensations | RP- 7 | 11,729,832.00 |
| 171000000 | Interest Earned | RP- 9 | 227,517.00 |
| 320000000 | Grants,Funds &Contributions for specific purposes | RP- 31 | 37,070,091.00 |
| 350000000 | Other Liabilities | RP-36 | 42,455.00 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 3,030,00 |
| 340000000 | Deposits Received | RP- 34 | 85,000.00 |
| 350000000 | Other Liabilities | RP- 36 | 237,957,00 |
| 431000000 | Sundry Debtors(Receivables) | RP- 43 | 4,480,291.00 |
| 460000000 | Loans,Advances and Deposits | RP- 47 | 404,005.00 |
| Grand Total | | | 67,951,841.00 |
| | Payments | | |
| Operating | | | |

| | | | |
|---|---|---|---|
| 210000000 | EstablishmentExpenses | RP-11 | 2,259,280.00 |
| 220000000 | Administrative Expenses | RP-12 | 1,046,128.00 |
| 230000000 | Operatations & Maintanance | RP-13 | 791,758.00 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 4,675,480.00 |
| 251000000 | Decentralised plan programme – Service Sector | RP-16 | 10,520,570.00 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 789,865.00 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 795,332.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 1,340,040.00 |
| 255000000 | Maintanance Projects | RP-20 | 4,978,646.00 |
| 280000000 | Prior Period Item | RP-26 | -21,700.00 |
| 320000000 | Grants,Funds & Contributions for Specific Purposes | RP-31 | 0.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3,666,556.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 918,727.00 |
| 280000000 | Prior Period Item | RP-26 | -8,300.00 |
| 340000000 | Deposits Received | RP-34 | 10,000.00 |
| 350000000 | Other Liabilities | RP-36 | 1,852,816.00 |
| 410000000 | Fixed Assets | RP-38 | 4,231,912.00 |
| 412000000 | Capital Work In Progress | RP-40 | 12,781,658.00 |
| 460000000 | Loans,Advances and Deposits | RP-47 | 727,079.00 |
| | Closing Balance | | |
| | Bank | RP-40(b) | 16,519,827.00 |
| | Cash | RP-40(b) | 76,167.00 |
| Grand Total | | | 67,951,841.00 |

Deputy Director,
Kerala State Audit Department,
District Audit Office, Kannur.

# അനുബന്ധം4

## ബാലൻസ് ഷീറ്റ്

Mangattidam Grama Panchayat

Balance Sheet

As on 31 March 2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 17293962.50 |
| 311000000 | Earmarked Funds | B-2 | 21184.00 |
| 312000000 | Reserves | B-3 | 52335314.00 |
| | Total Reserve & surplus | | 69650460.50 |
| | Grants,Contributions for specific purposes | | |

| | | | |
|---|---|---|---|
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 4135969.00 |
| | Total Grants,Funds & Contributions for Specific Purposes | | 4135969.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 147965.00 |
| 350000000 | Other Liabilities | B-9 | 796858.50 |
| | Total Current Liabilities and Provisions | | 944823.50 |
| | TOTAL LIABILIITIES | | 74731253.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75566466.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | (19382621.00) |
| 412000000 | Capital Work In Progress | B-11(a) | 1470546.00 |
| | Total Fixed Assets | | 57654391.00 |
| | investments | | |
| 420000000 | Investment | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 460668.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 16595994.00 |
| 460000000 | Loans,Advances and Deposits | B-18 | 200.00 |
| | Total Current Assets,Loans and Advances | | 17056862.00 |
| | Total Assets | | 74731253.00 |

Deputy Director,
Kerala State Audit Department,

District Audit Office, Kannur.